**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം സമയബന്ധിതമായി സർവ്വകലാശാലയിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.5026/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 22.06.2018

---

പരാമർശം : : 19.05.2018-ൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം. 51/18.04/181248 പ്രകാരമുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷകൾ അയക്കുന്നതിലും അനുബന്ധ നടപടികളിലും കോളേജുകൾ ഗുരുതരമായ വീഴ്ച വരുത്തുകയും അലംഭാവം കാണിക്കുകയും ചെയ്യുന്നതിനാൽ, മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാവുന്നു. ഈ സാഹചര്യത്തിൽ, സർവ്വകലാശാലാ സിൻഡിക്കേറ്റ് ടി വിഷയം പരിശോധിക്കുകയും, മേൽ സൂചന പ്രകാരം, താഴെപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.

''ഹാജർ കുറവ് മാപ്പാക്കൽ അപേക്ഷകൾ സമയബന്ധിതമായി അനുബന്ധ രേഖകൾ സഹിതം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിലുള്ള വ്യവഹാരങ്ങൾക്ക് കോളേജ് പ്രിൻസിപ്പലായിരിക്കും ഉത്തരവാദി.''

തദനുസരണം, ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സുകുമാരൻ റ്റി.ബി.

അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക വിഭാഗം 1)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
2. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
4. ജെ.ആർ (ഭരണ വിഭാഗം /പരീക്ഷ)
5. ഡി.ആർ/എ.ആർ. (ഭരണ വിഭാഗം/അക്കാദമിക വിഭാഗം/പരീക്ഷ)
6. പി.ആർ.ഒ./അന്വേഷണ വിഭാഗം
7. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.1
8. എസി.എ7/എസി.ബി 6/എസി.ബി 7 സെക്ഷനുകൾ
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/2/5446/2018

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ